(ബി) അവയിൽ വാമനപുരം നദിയിലെ അണക്കെട്ട് ഉൾപ്പെടുമോ;

(സി) പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണം രണ്ടാം പഞ്ചവത്സരപദ്ധതിക്കാലഘട്ടത്തിൽത്തന്നെ ഉൾക്കൊള്ളിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) മേജർ ജലസേചനപദ്ധതികളുടെ ഇൻവെസ്റ്റിഗേഷനു വേണ്ടി 4 ലക്ഷം രൂപ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മീഡിയം ജലസേചനപദ്ധതികളുടെ ഇൻവെസ്റ്റിഗേഷനു പ്രത്യേകം വക കൊള്ളിച്ചിട്ടില്ല.

(ബി) ഉൾപ്പെട്ടതും.

(സി) ഉണ്ട്. ഈ പദ്ധതിയെപ്പറ്റി വിശദമായ ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

ശ്രീ. ആർ. പ്രകാശം: നേരത്തെതന്നെ ഉന്നയിച്ചിരുന്ന വാമനപുരം അണക്കെട്ട് ഒന്നാംപഞ്ചവത്സരപദ്ധതിക്കാലത്തു ഉൾപ്പെടുത്താതിരുന്നതിനു കാരണമെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ: പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തി. അതു മീഡിയം പദ്ധതിയിൽ വരികയില്ല. മേജർ പദ്ധതിയാണ്. അതുകൊണ്ടു പൂർണ്ണമായ അന്വേഷണം നടത്തുകയാണു്.

ശ്രീ. ആർ. പ്രകാശം: അതിലേയ്ക്ക് 50000 രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നതു പര്യാപ്തമാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: പ്രിലിമിനറി ഇൻവെസ്റ്റിഗേഷന്റെ ഫലമായിട്ടാണു് ആ തുക കൊള്ളിച്ചിട്ടുള്ളതു്.

നദീജലസമ്പത്തിന്റെ ചൂഷണം.

* 680. [16] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീജലസമ്പത്തിനെ അപ്പാടെ സംഭരിച്ചു ജലവിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചും ജലസേചനത്തിനു പരമാവധി ഉപയോഗിച്ചും പരമാവധി ചൂഷണം ചെയ്യുന്നതിനും വർഷകാലങ്ങളിൽ ജനങ്ങളുടെ ജീവധനാദികൾക്കു നമ്മുടെ നദികൾ ആപത്തായിത്തീരുന്ന പരിതഃസ്ഥിതി ഒഴിവാക്കുന്നതിനും, നദികളെ റഗുലേറ്റ് ചെയ്തു് ഫാഠസ്സതീത്തുവരെയും ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിനുവേണ്ടി, വിദഗ്ദ്ധന്മാരെ നിയോഗിച്ചു സമഗ്രമായ ഒരു സർവ്വെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം അടങ്ങിയ ഒരു റിപ്പോർട്ട് തരുമോ;

(ബി) മദിരാശി സംസ്ഥാനമാണെങ്കിൽ തങ്ങളുടെ സംസ്ഥാനത്തിനകത്തെ ജലസമ്പത്തിന്റെ ഉറവിടങ്ങൾ മുഴുവൻ സർവ്വെ ചെയ്തതിനു ശേഷം തിരുവിതാംകൂർ-കൊച്ചിയുടെ നദീജലകേദാരങ്ങൾ കൂടി സർവ്വെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഇനം ഉൾപ്പെട്ടിയിട്ടുണ്ടോ; അതിനു കേന്ദ്രം തുക അനുവദിച്ചിട്ടുണ്ടോ;

(സി) ചാലക്കുടി നദീതടവികസനത്തിനു രണ്ടു പഞ്ചവത്സരപദ്ധതികളിലുമായി നീക്കിവച്ച തുക യെത്ര; പമ്പയ്ക്കു നീക്കിവച്ച തുക യെത്രയാണ്?; അച്ചൻകോവിൽ, കല്ലട, വാമനപുരം, നെയ്യാർ എന്നീ നദീതടങ്ങൾക്ക് എത്ര തുകയാണു നീക്കിവച്ചിരിക്കുന്നത്?

ശ്രീ. മഞ്ഞനാഥപ്രഭു : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ചോദ്യത്തിന്റെ (ബി) വിഭാഗം അനുവദനീയമാണോ എന്നറിയണം. റൂൾസിൽ ഇങ്ങനെ പറയുന്നുണ്ട്.

"(h) it shall not be of excessive length;
(i) it shall not refer to any matter which is not the concern of the State Government" :

മദ്രാസ് സംസ്ഥാനത്തെ കാര്യമാണ് (ബി)–ൽ ഉള്ളത്.

MR. SPEAKER : All those aspects were considered when the question was allowed.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) ഇല്ല. എന്നാൽ സംസ്ഥാനത്തെ നദീജലസമ്പത്തിനെപ്പറ്റി വിശദമായ ഒരു ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനു ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അറിവില്ല.

(സി) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ 281 ലക്ഷം രൂപയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 483 ലക്ഷം രൂപയും ചാലക്കുടി നദീതടപദ്ധതികൾക്കു നീക്കിവച്ചിട്ടുണ്ട്. പമ്പ ബഹുമുഖപദ്ധതിക്കു രണ്ടാംപഞ്ചവത്സരപരിധിയിൽ 448 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെയ്യാർ പദ്ധതിക്കു ഒന്നാംപഞ്ചവത്സരപദ്ധതിയിൽ 105 ലക്ഷം രൂപയും രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 138 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. അച്ചൻകോവിൽ, കല്ലട, വാമനപുരം എന്നീ പദ്ധതികൾ രണ്ടു പഞ്ചവത്സരപദ്ധതികളിലും ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : കല്ലട റിവർവാലി ഉൾപ്പെടുത്തണമെന്നു് ആവശ്യപ്പെട്ടിട്ടില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഉവ്വ്.

ശ്രീ. പി. ആർ. മാധവൻപിള്ള : അതുസംബന്ധിച്ചു് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : അന്വേഷണം എത്രമാത്രം നടത്തിയെന്നും അതിന്റെ ഫലം എന്തു നിലയിൽ ഇരിക്കുന്നു എന്നും പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി : (എ)-യുടെ ഭാഗത്തിനു ഉത്തരമായി അങ്ങനെ ചെയ്തിട്ടില്ലെന്നു പറഞ്ഞു. അങ്ങനെ ചെയ്യണമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ . അതിനെപ്പറ്റി ഇൻവെസ്റ്റിഗേഷൻ നടത്താൻ ഗവണ്മെൻറിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : എത്ര നാളായി?

ശ്രീ. കെ. ഐ. വേലായുധൻ : മൂന്നുനാലു മാസമായി എന്നു തോന്നുന്നു.

ശ്രീ. പ്രാക്കുളം ഭാസി : എന്നിട്ടു് ഇപ്പോൾ എന്തായി എന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി : ഇത്ര പ്രധാനപ്പെട്ട കാര്യത്തിനു് 'ഉദ്യോഗസ്ഥന്മാർ' എന്നു് പൊതുവേ പറയാതെ എതെങ്കിലും ഒരു ടീമിനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു വേണ്ടുന്ന ഉദ്യോഗസ്ഥന്മാർ അതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: പ്രത്യേകം വല്ലവരേയും നിയമിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : പ്രത്യേകം ഇഞ്ചിനീയറന്മാരെ അതിലേക്കു് എടുപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെ സംബന്ധിച്ചു് പ്രത്യേകം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്. കൂടുതൽ വിവരം ആവശ്യമുണ്ടെങ്കിൽ അതിനു പ്രത്യേകം ഒരു ചോദ്യമായിട്ടുണ്ണം.

ശ്രീ. ടി. കെ. ദിവാകരൻ : നദീജലകേദാരം എന്നു് ചോദ്യത്തിൽ കാണുന്നതു് മനസ്സിലാകുന്നില്ല. അതു് എന്താണെന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ : അതു് ചോദ്യകർത്താവിനോടു ചോദിച്ചാൽ വിശദമായി അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പമ്പാനദീതടപദ്ധതിക്കുവേണ്ടി 448 ലക്ഷം രൂപ കൊള്ളിച്ചിട്ടുള്ളതുകൊണ്ടു് ആ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്നു് കണക്കുകൂട്ടിമൂലം തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : കണക്കുകൂട്ടിക്കൊണ്ടു് തിട്ടപ്പെടുത്തിയതെന്നു് പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ തുകകൊണ്ട് ആ പദ്ധതി പൂർത്തിയാക്കാമെന്ന കണക്കാക്കപ്പെട്ടിരിക്കുന്നതു് യഥാർത്ഥത്തിൽ സാധിതമാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ: വ്യക്തമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണു് തുക ചേർത്തിട്ടുള്ളതു്.

ശ്രീ. കെ. എ. ശിവരാമഭാരതി: പോത്തുണ്ടി പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കയില്ലെന്നു് അതിന്റെ ആക്ഷൻകമ്മിറ്റി കൺവീനർക്കു് എഴുതിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ എഴുതിയിട്ടില്ല.

വിദ്യാഭ്യാസനികുതി.

* 681. [17] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടി ധനാഗമമാർഗ്ഗമെന്ന നിലയിൽ വിദ്യാഭ്യാസനികുതി ഏർപ്പെടുത്താൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ പ്ലാനിംഗ് കമ്മീഷൻ മുമ്പാകെ സംസ്ഥാന ഗവണ്മെന്റു് എന്തെങ്കിലും നിർദ്ദേശം ഉന്നയിച്ചിട്ടുണ്ടോ;

(സി) ഈ ഇനത്തിൽ എത്ര രൂപ പ്രതിവർഷം കൂടുതൽ കിട്ടുമെന്നു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നു;

(ഡി) എന്തു് അടിസ്ഥാനത്തിലാണു് ഈ നികുതി ചുമത്തുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കുന്നുണ്ടു്.

(ബി) ഉണ്ടു്.

(സി) വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) വിവരങ്ങൾ കിട്ടിയ ശേഷമേ അതിനെപ്പറ്റി തീരുമാനിക്കാൻ കഴികയുള്ളൂ.

ശ്രീ. പ്രാക്കുളം ഭാസി: രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 15 കോടി രൂപ വിദ്യാഭ്യാസത്തിനു കൊള്ളിച്ചിരുന്നതിൽ 6 കോടി രൂപ വെട്ടിക്കുറച്ചതു് ഇവിടെ വിദ്യാഭ്യാസം കൂടുതലാണെന്നു വിചാരിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല. ആകെയുള്ള ഡൈനാൻഷ്യൽ ടാർജറ്റ് കൂടുന്നു. അതുകൊണ്ടു് ആയിനത്തിലും കുറവു ചെയ്തു.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടത്തെ മെഡിക്കൽമന്ത്രി ഇവിടെ വിദ്യാഭ്യാസം കൂടുതലാണെന്നു പ്രസംഗിച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly